# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 14-08-2012

## സ്കൂളുകളിലെ സീറ്റ് വർദ്ധനവ് - പഠനം അവതാളത്തിലാക്കും

**- കെ എസ് ടി എ**

**സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ എൺപതിലധികം കുട്ടികളെ ഒരു ബാച്ചിൽ പ്രവേശിപ്പിച്ച് പഠനം അവതാളത്തിലാക്കിയ സർക്കാർ നടപടി തിരുത്തണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. ഒരു ബാച്ചിൽ അൻപതിലധികം കുട്ടികളെ പ്രവേശിപ്പിക്കേ ിവരുന്ന സ്കൂളുകളിൽ അധികബാച്ച് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊ് വിദ്യാഭ്യാസ മന്ത്രിക്ക് കെ.എസ്.ടി.എ നിവേദനം നൽകി.**

**എയ്ഡഡ് സ്കൂളുകളിൽ അധിക അലോട്ട്മെന്റ് നേടിയ കുട്ടികളെ പ്രവേശിപ്പിക്കാതെ തിരിച്ചയച്ച മാനേജ്മെന്റുകൾക്കെതിരെ സർക്കാർ ഒരുനടപടിയും സ്വീകരിച്ചിട്ടില്ല. ക്രമാതീത മായി സീറ്റുവർദ്ധിപ്പിച്ചതിന്റെ ഫലമായി സർക്കാർ സ്കൂളുകളിലെ ഹയർസെക്കന്ററി പഠനം പ്രതിസന്ധിയിലായിരിക്കുകയാണ്. 45 കുട്ടികൾക്കുമാത്രം സൗകര്യമുള്ള ക്ലാസ് മുറികളിൽ ഇരിക്കാൻ സ്ഥലമില്ലാതെ കുട്ടികൾ വീർപ്പുമുട്ടുകയാണ്. സി.ബി.എസ്.ഇ കുട്ടികളെ പ്രവേശിപ്പി ക്കാൻവേി സർക്കാർ കാണിച്ച വ്യഗ്രതയാണ് ഈ കുഴപ്പങ്ങൾക്കെല്ലാം കാരണം. ക്ലാസിൽ ഉൾക്കൊള്ളാൻ കഴിയാത്തവിധത്തിൽ കുട്ടികളെ ഒരുമിച്ചിരുത്തി പഠിപ്പിക്കാൻ അധ്യാപകർക്കു കഴിയില്ല. മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന സർക്കർ ഹയർസെക്കന്ററി സ്കൂളുകളെ തകർക്കാനുള്ള നീക്കങ്ങളാണ് സർക്കാർ നടത്തുന്നത്. അധികബാച്ച് അനുവദിച്ച് പ്രതിസന്ധി പരിഹരിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭം ആരംഭിക്കുമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.**

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി